# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1879 01/02/2018 ൽ മറുപടിയ്ക്ക്
### സർക്കാർ ജീവനക്കാർക്ക് പരിശീലനം

ചോദ്യം

ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ.മോൻസ് ജോസഫ്

ഉത്തരം

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. പരീക്ഷയിലൂടെയും അല്ലാതെയും സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് പരിശീലനം നിർബന്ധമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കാമോ ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സിവിൽ ജോലികളിൽ നിയമനം ലഭിക്കുന്നവർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് മുൻപ് സർക്കാർ ചട്ടങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച പരിശീലനം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പരിഗണനയിലില്ല. |
| (സി) | പരിശീലനം നേടി ജോലിയിൽ പ്രവേശിക്കുന്നത് സംസ്ഥാന സർവ്വീസിന്റെ കാര്യക്ഷമത വർധിപ്പിക്കുമെന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (സി) | സർവ്വീസിൽ പ്രവേശിക്കുന്നതിനു മുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടില്ലായെങ്കിലും എല്ലാ ഉദ്യോഗസ്ഥർക്കും തങ്ങളുടെ ഇപ്പോഴത്തെയും ഭാവിയിലേതുമായ ജോലികൾക്കു വേണ്ട ശേഷി, പരിശീലനത്തിലൂടെ ലഭ്യമാക്കുന്നതിനായി വിവിധതരം പരിശീലനങ്ങൾ പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വീസിൽ കയറി വർഷങ്ങൾക്കുശേഷം നൽകുന്ന ഇൻഡക്ഷൻ ട്രെയിനിങ് സംവിധാനം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 13/07/2017 ലെ സ.ഉ(അച്ചടി) നം.9/2017/ഉഭപവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിൽ പുതിയതായി സർവ്വീസിൽ എത്തുന്നവർക്ക് നിർബന്ധമായി ഇൻഡക്ഷൻ പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ